യഥാസമയം ഡെപ്യൂട്ടേഷൻ ദീർഘിപ്പിച്ച് ഉത്തരവാകാതെ ജോലിയിൽ തുടരുന്ന ജീവനക്കാർ നിലവിലില്ല. എന്നാൽ ശ്രീ. മുഹമ്മദ് ഷാഹിദ് കെ. യുടെ ഡെപ്യൂട്ടേഷൻ കാലാവധി 18-9-2014 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുന്നതു സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഹജ്ജ് കമ്മിറ്റിയുടെ തീരുമാനപ്രകാരം ശ്രീ. മുജീബ് റഹ്മാൻ പി. യെ ഹജ്ജ് കോ-ഓർഡിനേറ്ററായി 21-7-2012-ലെ സ.ഉ. (സാധാ)2190/12/ആഭ്യന്തരം പ്രകാരം നിയമിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*) പ്രസ്തുത നിയമനത്തിന് ധനകാര്യവകുപ്പിന്റെ അനുമതി തേടിയിട്ടില്ല. ഹജ്ജ് കോ-ഓർഡിനേറ്റർക്ക് പ്രത്യേകമായി അലവൻസുകളോ മറ്റ് ആനുകൂല്യങ്ങളോ ഒന്നുംതന്നെ നൽകുന്നില്ല. പ്രസ്തുത തസ്തികമൂലം ഹജ്ജ് കമ്മിറ്റിക്ക് അധിക ബാദ്ധ്യത ഒന്നുംതന്നെയില്ല.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിപുലീകരണം

247 (4238) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാരിന്റെ കാലത്ത് പി & എ. ആർ. ഡി. വകുപ്പ്, പട്ടിക വർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് നടത്തിയ വർക്ക് സ്റ്റഡിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ; ആയതിലെ ഏതെല്ലാം നിർദ്ദേശങ്ങൾ നടപ്പിലാക്കി എന്ന് വ്യക്തമാക്കുമോ ;

(ബി) അടിമാലി റ്റി.ഡി.ഒ.-യുടെ ഓഫീസ് ഉൾപ്പെടെ വകുപ്പുതല പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നൽകിയ ക്രിയാത്മക നിർദ്ദേശങ്ങളിൽ ഏതെങ്കിലും നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) നിരന്തരമായി ശിശുമരണം സംഭവിക്കുന്ന അട്ടപ്പാടിയിൽ പട്ടിക വർഗ്ഗവികസന വകുപ്പിന്റെ മാത്രമായി ഒരു ഓഫീസ് ഇല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇവിടെ പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ഒരു ഐ..റ്റി.ഡി.പി. ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; ഇക്കാര്യത്തിൽ ക്രിയാത്മക നടപടി സമയബന്ധിതമായി സ്വീകരിക്കുമോ ; ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ ;

(ഡി) കഴിഞ്ഞ പത്ത് വർഷക്കാലത്തെ വകുപ്പിനു ലഭിച്ച ഫണ്ടിന്റെ തോത് കണക്കാക്കി വകുപ്പിലെ ജോലി ഭാരം വിലയിരുത്തി വകുപ്പിന്റെ വിപുലീകരണം നടത്തുന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ വർക്ക് സ്റ്റഡി ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ച് സത്വര നടപടി സ്വീകരിക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പത്ത് വർഷം മുൻപുള്ള സ്റ്റാഫ് പാറ്റേൺ തന്നെയാണോ വകുപ്പിലിപ്പോഴും നിലനിൽക്കുന്നത് ; ഇക്കാര്യത്തിൽ വർദ്ധിച്ചുവരുന്ന ഫണ്ട് വിനിയോഗിക്കുവാൻ ഡയറക്ടറേറ്റിലെ അടക്കം നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പര്യാപ്തമാണോ ; എങ്കിൽ വിശദീകരണം നൽകുമോ ; പര്യാപ്തമല്ലെങ്കിൽ ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ ;

(എഫ്) മേൽപ്പറഞ്ഞ സാഹചര്യങ്ങൾ കണക്കിലെടുത്ത് വകുപ്പിന്റെ വിപുലീകരണം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; പരിഗണനയിൽ ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന അറിയിക്കുമോ ?

ഉത്തരം

(എ-ഡി) പി. ആന്റ് എ.ആർ.ഡി. പട്ടികവർഗ്ഗ വികസന വകുപ്പിൽ നടത്തിയ വർക്ക് സ്റ്റഡിയുടെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസലിന്മേൽ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

(ഇ&എഫ്) പി.ആന്റ് എ.ആർ.ഡി. പട്ടികവർഗ്ഗ വികസന വകുപ്പിൽ നടത്തിയ വർക്ക് സ്റ്റഡിയുടെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസലിന്മേൽ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

പെൺകുട്ടികൾ ചൂക്ഷണത്തിനിരയാകുന്നത് സംബന്ധിച്ച്

248 (4239) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർശന നിയമങ്ങൾ നിലവിലുണ്ടായിട്ടും പെൺകുട്ടികൾ ഉൾപ്പെടെയുള്ള ആദിവാസികൾ നിരന്തരം പീഡനങ്ങൾക്കും, ചൂഷണങ്ങൾക്കും ഇരയാകുന്നതിന്റെ കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) നിയമപരിരക്ഷയേയും അവകാശങ്ങളേയും കുറിച്ച് ആദിവാസി വിഭാഗങ്ങളെ ബോധവൽക്കരിക്കാൻ എന്തൊക്കെ സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്. ഒറ്റപ്പെട്ട സ്ഥലങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗത്തിലെ ദുർബ്ബലരും, നിയമ പരിരക്ഷകളെക്കുറിച്ച് അവബോധമില്ലാത്തവരുമാണ് ഇപ്പോഴും പീഡനങ്ങൾക്കും ചൂഷണങ്ങൾക്കും ഇരയാകുന്നതെന്ന് കണ്ടെത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly